compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മാർച്ച് 17
Tuesday, 17th March 2026

1201 മീനം 3
3rd Meenam 1201

1947 ഫാൽഗുനം 26
26th Phalguna 1947

വാല്യം 15
Vol. XV

നമ്പർ / **No.** **11**

Part III

Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKNR/462/2025-D. 2026 ഫെബ്രുവരി 6.

കണ്ണൂർ ജില്ലയിലെ മാട്ടൂൽ മത്സ്യഭവനു കീഴിലെ വാടിക്കൽ കടവിൽ 3 (മൂന്ന്) ഊന്നി വലകളും മാട്ടൂൽ അഴി കടവിൽ ഒരു ഊന്നിയും ചേർത്ത് ആകെ 4 (നാല്) ഊന്നി വലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിയും രജിസ്ട്രേഷനും ശ്രീമതി പി. കെ. കാർത്ത്യായനി, കൊച്ചിൻറാൻ പറമ്പിൽ ഹൗസ്, വാടിക്കൽ കടവ്, പി. ഒ. മാടായി എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ടിയാൾ 2-5-2020-ന് മരണപ്പെട്ടതായും ടിയാളുടെ പിന്തുടർച്ചാവകാശികളായ 1. മകൻ ശ്രീ. സദാശിവൻ, കെ. പി., 2. മകൻ ശ്രീ. ഹരിഹരൻ, കെ. പി. എന്നിവർ ചേർന്ന് 1. മകൻ ശ്രീ. സദാശിവൻ, കെ. പി., കൊച്ചിന്റൊൻ പറമ്പിൽ ഹൗസ്, പി. ഒ. മാടായി, വാടിക്കൽ കടവ്, കണ്ണൂർ എന്നയാളുടെ പേരിലേക്ക് പ്രസ്തുത ഊന്നി വലകളുടെ ഉടമസ്ഥാവകാശം കൈമാറുന്നതിന് സമ്മതപത്രവും അപേക്ഷയും നൽകിയിട്ടുണ്ട്. ശ്രീ. സദാശിവൻ, കെ. പി.-യുടെ മത്സ്യത്തൊഴിലാളി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത ഉടമസ്ഥാവകാശ കൈമാറ്റത്തിന് ശിപാർശ ചെയ്തുകൊണ്ടുള്ള റിപ്പോർട്ട് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യഭവൻ, മാടായി ഈ ഓഫീസിൽ സമർപ്പിച്ചിട്ടുമുണ്ട്. കൂടാതെ പഴയങ്ങാടി സബ്ബ് രജിസ്ട്രാർ ഓഫീസ് 2022-ലെ നാലാം നമ്പർ പുസ്തകം 15-ാം നമ്പർ വാല്യം 21 മുതൽ 24 വരെ വശങ്ങളിൽ 73-ാംനമ്പരായി രജിസ്റ്റർ ചെയ്തിരിക്കുന്ന എഗ്രിമെന്റ് പ്രകാരം യഥാക്രമം ശ്രീ. സദാശിവൻ, കെ. പി.-യുടെ പേരിലേക്ക് പ്രസ്തുത ഊന്നി വലകൾ കൈമാറ്റം ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ശ്രീമതി പി. കെ. കാർത്ത്യായനി എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ള കണ്ണൂർ ജില്ലയിലെ മാട്ടൂൽ മത്സ്യഭവനു കീഴിലെ വാടിക്കൽ കടവിൽ 3 (മൂന്ന്) ഊന്നി വലകളും മാട്ടൂൽ അഴി കടവിൽ ഒരു ഊന്നിയും ചേർത്ത് ആകെ 4 (നാല്) ഊന്നി വലകൾ ശ്രീ. സദാശിവൻ, കെ. പി., കൊച്ചിന്റൊൻ പറമ്പിൽ ഹൗസ്, പി. ഒ. മാടായി, വാടിക്കൽ കടവ്, കണ്ണൂർ എന്നയാളുടെ പേരിലേക്ക് അനുവദിച്ച് ഉത്തരവാകുന്നതിൽ ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലകളുടെ രജിസ്ട്രേഷൻ അപേക്ഷകനായ ശ്രീ. സദാശിവൻ, കെ. പി. എന്നയാളുടെ പേർക്ക് കൈമാറ്റം അനുവദിച്ച് പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, കണ്ണൂർ-670 017. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.17 03:51:05 +05:30